## പതിമൂന്നാം കേരളനിയമസഭ ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3231 — 21.12.2012-ൽ മറുപടിക്ക്.

### തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം.

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.പുരുഷൻ കടലുണ്ടി | കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മുൻകാലങ്ങളിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; | (എ) പദ്ധതി രൂപീകരണത്തിൽ മുൻ പഞ്ചവൽസര പദ്ധതികളിലുണ്ടായിരുന്ന നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് കാലോചിതമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. മുൻവർഷങ്ങളെ അപേക്ഷിച്ച് പ്രോജക്ടുകൾ ഓൺലൈൻ എൻട്രി നടത്തി ഓൺലൈനായിതന്നെ പരിശോധിച്ച് അംഗീകാരം നൽകുന്ന സംവിധാനം ഏർപ്പെടുത്തിയതിലൂടെ പ്രോജക്ട് അംഗീകാര നടപടി ലഘൂകരിക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്. TAG ന്റെ പരിശോധന ഒഴിവാക്കി നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥൻ തന്നെ അംഗീകാരം നൽകിയാൽ മതിയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതികളുടെ പരിശോധനയും അംഗീകാരവും ജില്ലാ ആസൂത്രണ സമിതി ചെയ്യേണ്ടതില്ല. എന്നാൽ ജില്ലാ ആസൂത്രണ സമിതി പദ്ധതിയുമായി ബന്ധപ്പെട്ട അംഗീകാരം, സാങ്കേതിക അനുമതി, നിർവ്വഹണം എന്നിവയുടെ അവലോകനവും മോണിറ്ററിംഗും ഏറ്റെടുത്താൽ മതിയാകും. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയത് ഭരണ സമിതി അംഗീകരിച്ചതുമായ പദ്ധതി സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയാൽ മതിയാകും. |
| (ബി) പ്രസ്തുത പരിഷ്ക്കാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തേയും നിർവ്വഹണത്തേയും എത്തരത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയകൾ കൂടുതൽ ലളിതമാക്കാൻ ഇത് സഹായിച്ചിട്ടുണ്ട്. |
| (സി) ഇത്തരം പരിഷ്കാരങ്ങൾ വരുത്താൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലമായിരുന്നു എന്നറിയിക്കുമോ? | (സി) പുതിയ പരിഷ്കാരങ്ങൾ പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സമയം ലഭിക്കുന്നതിന് കാരണമാവുകയും അതുവഴി വികസന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാകുകയും വർഷാവസാനമുള്ള തിരക്ക് ഒഴിവാക്കുന്നതിനും ഇത് സഹായകരമാകും. |

സെക്ഷൻ ഓഫീസർ